**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **31-01-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ഭരണ സ്തംഭനം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പിൽ ഭരണ ചുമതലയുള്ള എ.പി.സി.സി.എഫ്. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ) അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ഭരണ സ്തംഭനം നിലനിൽക്കുന്നതായുള്ള ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഭരണ സ്തംഭനം ഉണ്ടായി എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. വനം വകുപ്പിൽ അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) തസ്തികയുടെ ചുമതല വഹിക്കുന്ന ശ്രീ. ജി. ഫണീന്ദ്ര കുമാർ റാവു ഐ.എഫ്.എസ്. (KL 1997) - ന് 04/12/2023 മുതൽ അവധി അനുവദിച്ചപ്പോൾ തന്നെ ശ്രീ. പി. പുകഴേന്തി ഐ.എഫ്.എസ്. (KL 1996), അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) -ന് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിയിരുന്നതിനാൽ ഭരണ സ്തംഭനം ഉണ്ടായിട്ടില്ല. |
| (ബി) | വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ എത്ര ഫയലുകൾ തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്നുണ്ടെന്ന വ്യക്തമാക്കുമോ; ഇതിൽ നവ കേരള സദസ്സുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ ഉണ്ടെന്നറിയിക്കുമോ; | (ബി) | വനം വകുപ്പാസ്ഥാനത്ത് നിലവിൽ 29,327 (ഇരുപത്തൊമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തേഴ്) ഫയലുകൾ തീർപ്പ കൽപ്പിക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട 46 ഫയലുകൾ ഉണ്ട്. |
| (സി) | അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥന് പകരം ചുമതല നൽകിക്കൊണ്ട് ഭരണസ്തംഭനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 04/12/2023 മുതൽ അവധി അനുവദിച്ചപ്പോൾ തന്നെ ശ്രീ. പി. പുകഴേന്തി ഐ.എഫ്.എസ്. (KL 1996), അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) -ന് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിയിരുന്നതിനാൽ ഭരണ സ്തംഭനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ